വേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. അടുത്തുവരുന്ന എസ്.എൽ.എസ്..സി.യിൽ പദ്ധതി അംഗീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

12. ട്രീറ്റ്മെന്റ് പ്ലാന്റും പമ്പിംഗ് ഹൗസും

ശ്രീ. പി. റ്റി. എ. റഹീം : സർ, കോഴിക്കോട് ജപ്പാൻ കുടിവെള്ള പദ്ധതി, കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കുംവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. അത് കമ്മീഷൻ ചെയ്യാൻ പോകുയാണ്. നിലവിൽ കോഴിക്കോട് കോർപ്പറേഷനിലേക്ക് വെള്ളം കൊണ്ടുവരുന്നത് മാവൂർ-ചാത്തമംഗലം പഞ്ചായത്തുകളിലുള്ള സംവിധാനങ്ങളിൽ നിന്നാണ്. എന്റെ നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ മാവൂർ-ചാത്തമംഗലം പഞ്ചായത്തുകൾ മാത്രമാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്തത്. എന്നാൽ ഈ പഞ്ചായത്തുകളിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നാണ് കോഴിക്കോട് കോർപ്പറേഷനിലേക്ക് ഇപ്പോൾ വെള്ളം കൊണ്ടുപോകുന്നത്. 2040 വരെ കോഴിക്കോട് കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കും ആവശ്യമായ വെള്ളം ജപ്പാൻ കുടിവെള്ളപദ്ധതിയനുസരിച്ച് ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടുള്ള സാഹചര്യത്തിൽ ചാത്തമംഗലം-മാവൂർ പഞ്ചായത്തുകളിൽ നിലവിലുള്ള സംവിധാനം ഈ രണ്ടുപഞ്ചായത്തുകൾക്കുംവേണ്ടി ഉപയോഗിക്കണമെന്ന എന്റെ ആവശ്യം ഉന്നയിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കോഴിക്കോട് നഗരത്തിന്റെയും സമീപപഞ്ചായത്തുകളിലെയും ശുദ്ധജലക്ഷാമത്തിന് പരിഹാരമെന്ന നിലയിൽ രൂപകൽപ്പന ചെയ്യപ്പെട്ടതാണ് ജൈക്ക സഹായത്തോടെയുള്ള കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതി. കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, നന്മണ്ട, നരിക്കുന്ന്, കാക്കൂർ, ചേളന്നൂർ, കക്കോടി, തലക്കുളത്തൂർ, കരിവട്ടൂർ, കുന്നമംഗലം, പെരുവയൽ, പെരുമണ്ണ, ഒളവണ്ണ, കടലുണ്ടി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയാണ് പദ്ധതി പ്ലാൻ ചെയ്തിരിക്കുന്നത്. ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിനായി 246 എം.എൽ.ഡി. വെള്ളമാണ് ആവശ്യമുള്ളത്. അതിലിപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പെരുമണ്ണാമുഴിയിലെ ശുദ്ധീകരണശാലയിൽ നിന്ന് ലഭിക്കുന്ന 174 എം.എൽ.ഡി. ജലവും നിലവിൽ കോഴിക്കോട് നഗരത്തിന് ഇപ്പോൾ കുടിവെള്ളം നൽകിവരുന്ന മാവൂരിലെ കുളിമാടിൽ നിന്നു ലഭിക്കുന്ന 72 എം.എൽ.ഡി. ജലവും കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ജൈക്ക പദ്ധതിയിലെ പ്രദേശത്ത് ശുദ്ധജലവിതരണം ചെയ്യേണ്ടത്. ഇതിന്റെ ഭാഗമായി മാവൂർ-കുളിമാടുള്ള ശുദ്ധീകരണശാലയുടേയും പൈപ്പ് ലൈനുകളുടെയും മറ്റും പുനരുദ്ധാരണ പ്രവൃത്തിയും ജൈക്ക പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. മാവൂർ, ചാത്തമംഗലം എന്നീ പഞ്ചായത്തുകളിൽ ജൈക്ക പദ്ധതിയുടെ ഭാഗമായ കുളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്ന് ശുദ്ധജലം വിതരണം ചെയ്യുകയാണെങ്കിൽ ജൈക്ക പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ജൈക്ക പദ്ധതി വന്നുകഴിഞ്ഞാലും കുടിവെള്ളക്ഷാമം തീരുകയില്ല. ആയതിനാൽ ചാത്തമംഗലം പഞ്ചായത്തിലെ കുളിമാടിൽ നിലവിലുള്ള പ്ലാന്റും

LIBRARY ARCHIVES Kerala Legislative Assembly

പമ്പിംഗ് മസ്റ്റേഷനും തുടർന്നും കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീമിലേക്കുള്ള ജലവിതരണത്തിന് ഉപയോഗിക്കുന്നതാണ്. വിതരണത്തിന് തികയാതെവരുന്ന ജലം മാത്രം ഇരുമ്പ പദ്ധതിയിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് കോഴിക്കോട് ശുദ്ധജലവിതരണപദ്ധതി തൃപ്തികരമായി നടത്തുവാൻ സാധിക്കുന്നതാണ്. കുളിമാട് നിർമ്മിച്ച കിണറും പമ്പ് ഹൗസും നിർമ്മാണവേളയിൽത്തന്നെ എം.പി. ഫണ്ടുപയോഗിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി പഞ്ചായത്തിനോട് ഏറ്റെടുക്കുവാനാണ് അഭ്യർത്ഥിച്ചിരിക്കുന്നത്. അത് ഏറ്റെടുത്താൽ ഉടൻ പ്രവർത്തനമാരംഭിക്കാം.

V. മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ

(1) വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 976, എട്ടാം സമ്മേളനത്തിലെ 1136, പത്താം സമ്മേളനത്തിലെ 1193 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(2) റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 3387, ഒൻപതാം സമ്മേളനത്തിലെ 1120, 4369, 4377, 4386 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

VI റിപ്പോർട്ട് സമർപ്പണം

(1) റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയസമിതി II-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(2) വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly